



**സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ പാരിസ്ഥിതിക അപചയത്തിന് ആക്കം കൂട്ടുന്നുണ്ടോ എന്ന് പരിശോധിക്കുന്ന 'അസമത്വവും സഹകരണവും പാരിസ്ഥിതിക സുസ്ഥിരതയും' എന്ന പുസ്തകത്തെക്കുറിച്ച്**

# പരിസ്ഥിതിയും ദരിദ്രരും

മിഹിർ ഷാ
വിവർത്തനം : ശ്രീജ

സാമ്പത്തിക ശാസ്ത്രമേഖലയിൽ സവിശേഷശ്രദ്ധയാകർഷിക്കപ്പെട്ട 'അണ്ടർസ്റ്റാന്റിംഗ് ക്യാപിറ്റലിസം' എന്ന പുസ്തകത്തിലൂടെ പ്രസിദ്ധനായിത്തീർന്ന സാമുവൽ ബോവൽസാണ് ഈ പുസ്തകത്തിന്റെ എഡിറ്റർമാരിലൊരാൾ. മാത്രമല്ല, മാർട്ടിൻ ലൂതർകിംഗ് ജൂനിയർ 1968-ലെ പട്ടിണിജാഥയ്ക്ക് അനുബന്ധമായ പല എഴുത്തുജോലികളും ഏൽപ്പിച്ചിരുന്നതും ഇതേ സാമുവൽ ബോവൽസിനെതന്നെ. ആഗോളവത്കരണത്തിന്റെ വിഗ്രഹഭഞ്ജകൻ എന്ന് ലോകം മുഴുവനും അറിയപ്പെടുന്ന പ്രണബ് ബർദ്ദൻ, ജീൻ-മാരിലാന്റ് എന്നിവരാണ് മറ്റ് എഡിറ്റർമാർ. സമ്പദ്‌വ്യവസ്ഥയുടെ പ്രകടനത്തിൽ അസമത്വത്തിന്റെ പ്രഭാവം എന്ന വിഷയത്തിൽ നടത്തിയ ഗവേഷണപഠനങ്ങളുടെ ഫലമാണ് 'അസമത്വവും സഹകരണവും പാരിസ്ഥിതിക സുസ്ഥിരതയും' എന്ന ഈ ഗ്രന്ഥം. അതോടൊപ്പം സാമൂഹിക സാമ്പത്തിക ലിംഗ അസമത്വങ്ങൾ പാരിസ്ഥിതിക അപചയത്തിന് ആക്കംകൂട്ടുന്നുണ്ടോ എന്നതിന്റെ അവലോകനം കൂടിയാണിത്.

സാമ്പത്തിക അസമത്വം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ കൂടുതൽ പ്രതിസന്ധിയിലേക്കാണോ നയിക്കുന്നത്? സാധാരണക്കാരന്റെ താൽപര്യങ്ങളെ നിലനിർത്തുന്നതിന് ദരിദ്രജനവിഭാഗങ്ങളെ അപകടപ്പെടുത്തുന്നുണ്ടോ? ഈ രണ്ട് സമസ്യകളെ സമരസപ്പെടുത്താനുതകുന്ന രീതിയിൽ, രണ്ട് വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെയാണ് വിഷയം അവതരിപ്പിച്ചിരിക്കുന്നത്. ചിലത് സൈദ്ധാന്തിക സമീപനങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെങ്കിൽ മറ്റുചിലത് ഇന്ത്യയിലെയും നേപ്പാളിലെയും കാടുകൾ, ദക്ഷിണേന്ത്യയിലെയും മെക്സിക്കോയിലെയും കാർഷിക ജലസേചന രീതി, അമേരിക്കയിലെയും സെനഗലിലെയും മത്സ്യസമ്പത്ത് തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള പ്രായോഗിക നിരീക്ഷണ പഠനങ്ങളായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

തികച്ചും പക്ഷഭേദരഹിതമായി എഴുതിയിട്ടുള്ള ഈ പുസ്തകത്തിലെ ഏറ്റവും പ്രൗഢമായ ലേഖനം, ജെയിംസ് ബോയിസിന്റേതാണ്. മുഖ്യധാരയുടെ സാമ്പത്തിക അടിസ്ഥാനങ്ങളെ പരിസ്ഥിതിയുമായി സൂക്ഷ്മസംവേദനം നടത്താൻ പരിശ്രമിക്കുന്നവരിലൊരാളാണ് ബോയിസ്. "ആഗോള പരിസ്ഥിതി നമ്മുടെ പൊതുഭവനമാണ് എന്നാൽ എല്ലാവരും ഈ ഭവനത്തിലെ ഒരു മുറിയിലല്ല ജീവിക്കുന്നത്' തന്റെ രചനയിലൂടെ ഞെട്ടിപ്പിക്കുന്ന വസ്തുതകളാണ് അദ്ദേഹം നമ്മോട് വെളിപ്പെടുത്തുന്നത്. കറുത്ത വർഗ്ഗക്കാരുൾപ്പെടെയുള്ള സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ന്യൂനപക്ഷങ്ങൾ കൂടുതലുള്ള സ്ഥലങ്ങൾ മാലിന്യനിക്ഷേപത്തിനായി ഉപയോഗിക്കാമെന്നാണ് അമേരിക്കയുടെ നയം. ജാതി, വർഗ്ഗ, ലിംഗ, പ്രായഭേദത്തിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെടുന്ന സാമൂഹികവും സാമ്പത്തികവുമായ അകൽച്ച, പാരിസ്ഥിതിക നയങ്ങളുടെ അപചയത്തിലേക്കും അത് കൂടുതൽ വിനാശകരമായ പരിസ്ഥിതി ദുരന്തങ്ങളിലേക്കാണ് നയിക്കുക. അധികാരവികേന്ദ്രീകരണത്തിലെ അസമത്വങ്ങൾ ഒരു പ്രത്യേക വിഭാഗത്തിന് മാത്രമല്ല, മുഴുവൻ പരിസ്ഥിതിക്കും ഹാനികരമാണ്.

എങ്ങനെയാണ് ലിംഗ അസമത്വം, സഹകരണം, പരിസ്ഥിതി സുസ്ഥിരത തുടങ്ങിയ സങ്കൽപ്പങ്ങളുമായി ഏറ്റുമുട്ടുന്നത് എന്ന വിഷയത്തിൽ ബീന അഗർവാളിന്റെ പ്രബന്ധവും ഉന്നത നിലവാരം പുലർത്തുന്ന ഒന്നാണ്. തൊണ്ണൂറുകളുടെ അവസാനത്തിൽ, അഞ്ച് ഇന്ത്യൻ സംസ്ഥാനങ്ങളിലെ കാടുമായി ബന്ധപ്പെട്ട സമുദായങ്ങളിൽ നടത്തിയ പഠനപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലേഖനമെഴുതിയിരിക്കുന്നത്. സ്ത്രീകൾ കൂടുതൽ ജോലി ചെയ്യുകയും കുറഞ്ഞ സാമ്പത്തികനേട്ടം കൈവരിക്കുന്നവരും ലിംഗാനുപാതത്തിൽ താരതമ്യം ചെയ്യുമ്പോൾ കൂടുതൽ വില നൽകേണ്ടിവരുന്നതും സമ്പദ്‌വിതരണത്തിൽ അനുപാതികമായത് ലഭിക്കാത്തതും സ്ത്രീകൾക്ക് തന്നെയാണ്.

നിലനിൽക്കുന്ന അസമത്വങ്ങൾക്കൊപ്പം അസമത്വത്തിന്റെ പുതിയ പാഠങ്ങളെഴുതി ചേർക്കുമ്പോൾ വനസംരക്ഷണ പ്രവർത്ത

നങ്ങളിലേർപ്പെടാനുള്ള താൽപര്യം സ്ത്രീകളിൽ കുറഞ്ഞുവരുന്നു. ലിംഗത്തിലും സമ്പത്തിലുമുള്ള അസമത്വം, ലിംഗാധിഷ്ഠിതമായ, സാമൂഹ്യധാരണകളും, കാഴ്ചപ്പാടുകളും, വീടും സമൂഹവും ലിംഗാധിഷ്ഠിതമാവുക, അടിച്ചമർത്തലുകൾ തുടങ്ങിയവയൊക്കെ സ്ത്രീകളുടെ പങ്കാളിത്തം പരിമിതപ്പെടുത്തുന്നു.

തമിഴ്നാട്ടിലെ 6 ജില്ലകളിലായി 48 ഗ്രാമങ്ങളെ സെൽട്രമെക്സിക്കോയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ബർദ്ധന്റെയും ഡി. ജോൺസന്റെയും പഠനം മികവുറ്റതുതന്നെ. തമിഴ്നാട്ടിലെ ഭൂഅസമത്വം കനാലുകളും സംഭരണികളും ശരിയായി പരിപാലിക്കാത്തതും ആകസ്മികമായുണ്ടാകുന്ന വെള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവരുടെ പഠനം, ജലസേചന സ്രോതസുകളും അതിന്റെ അടിസ്ഥാനോപാധി വികസനവുമായി ബന്ധപ്പെട്ടുള്ള പ്രാദേശിക നിയമങ്ങളുടെ പ്രാധാന്യത്തിന് അടിവരയിടുന്നു. ജലസ്രോതസ്സുകളുടെ പരിപാലനം സാദ്ധ്യമാകാത്തത്, പ്രാദേശിക വരേണ്യവർഗ്ഗങ്ങളുണ്ടാക്കുന്ന നിയമങ്ങൾ മൂലമാണെന്ന് ഭൂരിഭാഗം കർഷകരും വിശ്വസിക്കുന്നു. എന്നാൽ ഒരു ജാതിയിലുൾപ്പെടുന്നവർ താമസിക്കുന്ന സ്ഥലങ്ങളിൽ ഇത്തരം പ്രശ്നങ്ങളുടെ എണ്ണം കുറവാണ്. ഇത് യാഥാസ്ഥിതിക സാമ്പത്തിക മാതൃകയ്ക്ക് ശക്തമായ വെല്ലുവിളിയാണ്.

എന്നാൽ ഇത്രയധികം ഉൾക്കാഴ്ചയോടെയും അവബോധത്തോടെയും മെനഞ്ഞെടുത്തിട്ടുള്ള ഈ പുസ്തകത്തിൽ എന്തുകൊണ്ടാണ് സോമനാഥനെ പോലുള്ളവരുടെ ബാലന്റിന്റെയും ശാസ്ത്രാവബോധമില്ലാത്ത പഠനങ്ങൾ ഉൾപ്പെടുത്തിയതെന്ന് മനസ്സിലാകുന്നില്ല. ഈ പഠനങ്ങളുടെ പ്രധാന പരാജയം അത് അവിടുത്തെ ജനതയും സംസ്കാരവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ചില്ല എന്നതാണ്. അത്തരമൊരു സാംസ്കാരിക പശ്ചാത്തലമില്ലാത്ത വനസംരക്ഷണത്തിന്റെ സാമൂഹിക സമ്പ്രദായം മനസ്സിലാക്കുക പ്രയാസമാണ് എന്നതാണ് കാരണം. നേപ്പാളിനെ സംബന്ധിച്ചുള്ള പഠനങ്ങളിൽ വേണ്ടത്ര ആധികാരിക വിവരങ്ങൾ ശേഖരിക്കാനോ സാമൂഹിക ചരിത്ര പശ്ചാത്തലങ്ങൾ നൽകാനുള്ള ശ്രമമോ നടത്തിയിട്ടില്ല. ഇത്തരമൊരു പഠനം ഇക്കണോമെട്രിക്സ് എന്ന ശാസ്ത്രശാഖയ്ക്ക് തന്നെ ചീത്തപ്പേരുണ്ടാക്കുന്നു എന്ന് പറയാതെവയ്യ.

*നാലുമാക്കൽ വീട്, ജെ.ടി.എസ്. റോഡ്, കൊടുങ്ങല്ലൂർ*

## ഇല്ലംനിറ : പ്രസാധനരംഗത്തേക്ക് കേരളീയത്തിന്റെ ആദ്യചുവട്




കെ.ആർ. ഇന്ദിരയുടെ കഥാസമാഹാരമായ 'ഇല്ലംനിറ' പുറത്തിറക്കിക്കൊണ്ട് കേരളീയം പുസ്തകശാല പുസ്തക പ്രസാധനരംഗത്തേക്ക് ആദ്യ ചുവടുവെച്ചു. നവംബർ 14-ന് പ്രകാശനം ചെയ്യപ്പെട്ട 'ഇല്ലംനിറ' കെ.ആർ. ഇന്ദിരയുടെ ആദ്യകഥാസമാഹാരമാണ്. കേരള സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് പുനത്തിൽ കുഞ്ഞബ്ദുള്ള അഷ്ടമൂർത്തിക്ക് നൽകിക്കൊണ്ടാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്. കെ.പി. ശങ്കരൻ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ മാതൃഭൂമി ന്യൂസ് എഡിറ്റർ എം.വി. സുരേന്ദ്രൻ ആശംസകൾ നേർന്നു. പുറംവായനയ്ക്കപ്പുറമുള്ള കഥകളിലെ ആന്തരിക അർത്ഥങ്ങളെ പരിചയപ്പെടുത്തുന്ന സംഭാഷണങ്ങൾകൊണ്ട് അതിഥികൾ ചടങ്ങിനെ അർത്ഥഗംഭീരമാക്കി. ഗ്രാമീണതയുടെ ചൂരുംചൂടുമുള്ള നാട്ടുവർത്തമാനത്തിൽ മെനഞ്ഞെടുത്ത കെ.ആർ. ഇന്ദിരയുടെ കഥകൾ അതിലെ നർമ്മത്തിന് പിന്നിൽ പ്രാദേശിക വൈവിധ്യങ്ങളെ നിലനിർത്താനുള്ള ശ്രമങ്ങൾകൊണ്ട് ശ്രദ്ധേയമാണ്. വി.കെ. ശ്രീരാമനാണ് പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത്. മണികണ്ഠൻ പുന്നയ്ക്കയുടെ ചിത്രങ്ങളും വിനയ്‌ലാലിന്റെ കവറും പുസ്തകത്തെ ആകർഷണീയമാക്കുന്നു.

**കേരളീയം പുസ്തകശാലയിൽനിന്നും വൈകാതെ പ്രതീക്ഷിക്കുക**

1. **ചെന്നൈ വിശേഷവും കുറിപ്പുകളും**
   ബിജു എസ്. ബാലൻ
2. **ജാഗ്രതയുടെ കാവൽമാടം**
   കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
   എഡിറ്റർ : കെ.ആർ. ഇന്ദിര
3. **മാർക്സിസത്തിനുശേഷം**
   എഡിറ്റർ : ദിലീപ് രാജ്
4. **പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ**
   എഡിറ്റർ : ടി.ടി. ശ്രീകുമാർ
5. **കേരളീയം സൈക്കിൾ പുസ്തകം**

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 9447674375
keraleeyamtcr@rediffmail.com

**ഇല്ലംനിറ**
(കഥകൾ)
**കെ.ആർ. ഇന്ദിര**
പേജ് 108 വില 70 രൂപ
അവതാരിക വി.കെ. ശ്രീരാമൻ

**കേരളീയം**
**പുസ്തകശാല**
കൊക്കാലെ, തൃശൂർ-21